നം.ഇ.എക്സ്/എച്ച്-4/16145/2017/സി.ജി.ഇ

പരീക്ഷാകമ്മിഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12
തീയതി: 24.10.2017.
pareekshabhavancgl@gmail.com
Ph: 04712546827

# സർക്കുലർ II

വിഷയം:- പൊ.വി.-പരീക്ഷാ ഭവൻ - സംസ്കൃതം/അറബിക്/ഉർദു അധ്യാപക പരീക്ഷ നവംബർ 2017-അധ്യാപക പരിശീലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. പരീക്ഷാ കമ്മീഷണറുടെ ഇതേ ഫയൽ നമ്പർ പ്രകാരമുള്ള 25.07.2017 തീയതിയിലെ പരീക്ഷാ വിജ്ഞാപനം.
2. ഇതേ ഫയൽ നമ്പർ പ്രകാരമുള്ള തീയതിയിലെ സർക്കുലർ.

എൽ.പി./യു.പി. വിഭാഗങ്ങളിലെ അറബിക്/സംസ്കൃതം/ഉർദു ഭാഷാധ്യാപക യോഗ്യതയ്ക്കായി 2017 നവംബർ മാസം നടത്തുന്ന പരീക്ഷയ്ക്കായി പ്രസിദ്ധീകരിച്ചിട്ടുള്ള ക്യാൻഡിഡേറ്റ് ലിസ്റ്റിൽ ഉൾപ്പെട്ട അദ്ധ്യാപക വിദ്യാർത്ഥികൾ, പരീക്ഷയുടെ ഭാഗമായുള്ള അദ്ധ്യാപക പരിശീലനത്തിനായി അവർക്ക് അനുവദിച്ചു നൽകിയിട്ടുള്ള സെന്ററിൽ 30/10/2017 തിങ്കളാഴ്ച മുതൽ റിപ്പോർട്ട് ചെയ്യുന്നതാണ്. ഒന്നിലേറെ പേർക്ക് ഒരു സെന്റർ അനുവദിച്ചിട്ടുള്ള പക്ഷം സ്കൂൾ പ്രധാനാദ്ധ്യാപകൻ ഇവർക്കായി ഒരു ഷെഡ്യൂൾ തയ്യാറാക്കേണ്ടതും പരിശീലന പരിപാടി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുമാണ്. 30.10.2017 - ൽ ആരംഭിക്കുന്ന പരിശീലനം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതും ഇതോടൊപ്പം നൽകിയിട്ടുള്ള മാതൃകയിലുള്ള സാക്ഷ്യപത്രം (അനുബന്ധം - 5), അറ്റൻഡൻസ് (അനുബന്ധം - 6) സ്കോർ ഷീറ്റ് (അനുബന്ധം - 7) എന്നിവ തയ്യാറാക്കി സീൽ ചെയ്ത് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഏൽപ്പിക്കേണ്ടതും അധികാര പരിധിയിലുള്ള മുഴുവൻ സെന്ററുകളിൽ നിന്നുമുള്ള മുഴുവൻ വിദ്യാർത്ഥികളുടെയും മാർക്കുകൾ ലഭിച്ച ശേഷം ജില്ലാ വിദ്യഭ്യാസ ഓഫീസർമാർ **സൂപ്രണ്ട്, എച്ച് സെക്ഷൻ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം -12** എന്ന വിലാസത്തിൽ രജിസ്റ്റേർഡ് തപാൽ മുഖേന അയച്ചു നൽകുകയും ചെയ്യേണ്ടതാണ്. അദ്ധ്യാപക പരിശീലനം സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

(1) വിദ്യാലയത്തിലെ യു.പി. വിഭാഗത്തിലേക്കാണ് പരീക്ഷാർത്ഥികളെ പരിശീലനത്തിനായി നിയോഗിക്കേണ്ടത്. ഇപ്രകാരം പരിശീലനത്തിന് ഹാജരാകുന്ന പരീക്ഷാർത്ഥികൾക്ക് 30 പിരീയഡുകളിലെ ഹാജർ (30 ദിവസത്തിൽ) ഉണ്ടായിരിക്കണം.

(2) 30.10.2017 മുതൽ 24.11.2017 വരെയും 03.01.2018 മുതൽ 25.01.2018 വരെയും രണ്ടു ഘട്ടമായി ടീച്ചിംഗ് പ്രാക്ടീസ് പൂർത്തിയാക്കാൻ അനുവദിക്കേണ്ടതാണ്. മുസ്ലീം കലണ്ടർ പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ 2018 ജനുവരി 15-ന് മുമ്പ് ടീച്ചിംഗ് പ്രാക്ടീസ് പൂർത്തിയാകുന്ന വിധത്തിൽ ക്രമീകരണം നടത്താവുന്നതാണ്.

(3) ടീച്ചിംഗ് പ്രാക്ടീസിന് ഹാജരാകുന്ന പരീക്ഷാർത്ഥിയുടെ അസൽ എസ്.എസ്. എൽ.സി./തത്തുല്യ യോഗ്യത സർട്ടിഫിക്കറ്റ് പ്രധാനാധ്യാപകൻ വാങ്ങി കരുതലിൽ സൂക്ഷിക്കേണ്ടതും ടീച്ചിംഗ് പ്രാക്ടീസ് പൂർത്തിയാക്കി പോകുമ്പോൾ മാത്രം അത് തിരിച്ച് നൽകേണ്ടതുമാണ്.

(4) പരീക്ഷാർത്ഥികൾ ഹാജരാകുന്ന എല്ലാ ദിവസങ്ങളിലും ഹാൾ ടിക്കറ്റ് കൈവശം സൂക്ഷിക്കേണ്ടതും ആയത് സ്കൂൾ പ്രധാനാദ്ധ്യാപകൻ പരിശോധിച്ച് ബോധ്യപ്പെടേണ്ടതുമാണ്.

(5) അദ്ധ്യാപക പരിശീലനത്തിന്റെ ഭാഗമായി സംസ്കൃതം/അറബിക്/ഉർദു- 20 ക്ലാസ്, പ്രാദേശികഭാഷ (മലയാളം/കന്നട/തമിഴ്) 5 ക്ലാസ്, ഇംഗ്ലീഷ് -5 ക്ലാസ് എന്ന രീതിയിലായിരിക്കണം പ്രധാനാദ്ധ്യാപകൻ പീരീഡ് ക്രമീകരിച്ചു നൽകേണ്ടത്.

(6) ഏതെങ്കിലും പരീക്ഷാർത്ഥി അദ്ധ്യാപക പരിശീലനത്തിന് ഹാജരായില്ലെങ്കിൽ ആബ്സന്റ് (Ab) രേഖപ്പെടുത്തി ഹാജർ വിവരവും (അനുബന്ധം -6) സ്കോർഷീറ്റും (അനുബന്ധം -7) നൽകേണ്ടതും സാക്ഷ്യപത്രം (അനുബന്ധം -5) ഒഴിവാക്കേണ്ടതുമാണ്. ഏതെങ്കിലും പരീക്ഷാർത്ഥി അവർക്ക് അനുവദിച്ചിരുന്ന സമയപരിധിക്കുള്ളിൽ പരിശീലനം പൂർത്തീകരിച്ചില്ലെങ്കിൽ ഹാജരാകാത്ത ദിവസങ്ങളിൽ ആബ്സന്റ് രേഖപ്പെടുത്തി ഹാജർ വിവരവും (അനുബന്ധം -6) മാർക്ക് നൽകാതെ ആബ്സന്റ് (Ab) രേഖപ്പെടുത്തി സ്കോർഷീറ്റും (അനുബന്ധം -7) നൽകേണ്ടതും സാക്ഷ്യപത്രം ഒഴിവാക്കേണ്ടതുമാണ്.

(7) സംസ്കൃതം/അറബിക്/ഉർദു കൂടാതെ ഇംഗ്ലീഷ്/മലയാളം (മാതൃഭാഷ) എന്നിവയിൽ താഴെ നൽകും പ്രകാരം പരീക്ഷാർത്ഥി ക്ലാസ്സുകൾ എടുക്കേണ്ടതും നിർദ്ദിഷ്ട പാഠാസൂത്രണ കുറിപ്പുകൾ മറ്റ് അനുബന്ധ രേഖകൾ എന്നിവ അതാതു വിഷയത്തിലെ സീനിയർ അദ്ധ്യാപകരുടെ അംഗീകാരത്തിന് മുൻകൂട്ടി എഴുതി നൽകേണ്ടതുമാണ്. മുപ്പതു പീരീഡുകളിൽ ഒന്ന് മൂല്യനിർണ്ണയത്തിനായി വിനിയോഗിക്കേണ്ടതാണ്.

| വിഷയം | ക്ലാസ്സുകളുടെ എണ്ണം | മൂല്യനിർണ്ണയം | ആകെ പിരീഡ് |
|---|---|---|---|
| സംസ്കൃതം/ അറബിക്/ഉർദു | 19 | 1 | 20 |
| മലയാളം/ മാതൃഭാഷ | 4 | 1 | 5 |
| ഇംഗ്ലീഷ് | 4 | 1 | 5 |

അതതു വിഷയങ്ങളിലെ സീനിയർ അദ്ധ്യാപകർ പ്രസ്തുത പാഠാസൂത്രണ കുറിപ്പുകളും, അനുബന്ധ രേഖകളും പരിശോധിച്ചും ക്ലാസുകൾ നിരീക്ഷിച്ചും താഴെ നിർദ്ദേശിക്കുന്ന രീതിയിൽ മാർക്കുകൾ നൽകേണ്ടതാണ്.

| Subject | Maximum Teaching Mark | Maximum Evaluation Mark | Maximum Mark |
|---|---|---|---|
| Sanskrit/Arabic/Urdu | 50 | 10 | 60 |
| Malayalam/ Regional Language | 10 | 10 | 20 |

| | | | |
|---|---|---|---|
| English | 10 | 10 | 20 |
| **TOTAL** | **70** | **30** | **100** |

ഇതിന്റെ വിശദമായ ഘടന സ്കോർ ഷീറ്റിൽ നൽകിയിട്ടുണ്ട്.

(8) പരീക്ഷയുമായി ബന്ധപ്പെട്ട സ്കൂൾ അധികാരികളോട് അപമര്യാദയായി പെരുമാറുന്നവരെയും, ക്രമക്കേടുകൾ കാണിക്കുന്നവരെയും അദ്ധ്യാപക പരിശീലനത്തിൽ നിന്ന് ഒഴിവാക്കുന്നതും തുടർന്നുള്ള പരീക്ഷ എഴുതാൻ അനുവദിക്കാതിരിക്കുന്നതുമാണ്. ഇപ്രകാരമുള്ള ക്രമക്കേടുകൾ പരീക്ഷാ സെക്രട്ടറിക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം സ്കൂൾ പ്രധാനാദ്ധ്യാപകന് നൽകുന്നു.

ഒപ്പ്/
**സെക്രട്ടറി**

**പകർപ്പ്.**

1. ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് (അധികാര പരിധിയിലുള്ള എല്ലാ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾക്കും സർക്കുലർ 2, അനുബന്ധം 5,6,7, ക്യാൻഡിഡേറ്റ് ലിസ്റ്റ് എന്നിവ നൽകുന്നതിനുള്ള നിർദ്ദേശം നൽകുന്നു).
2. എല്ലാ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിലെയും പ്രധാനാദ്ധ്യാപകർക്ക് (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
3. എ6 സെക്ഷൻ
4. ഓഫീസ് കോപ്പി..

**ഉള്ളടക്കം.**

അനുബന്ധം 5, 6, 7

**അനുബന്ധം- 5**

**സംസ്കൃതം/അറബിക്/ഉറുദു അധ്യാപക പരീക്ഷ പരീക്ഷ ......................................**

(പരീക്ഷാർത്ഥി പരിശീലനത്തിന് ഹാജരായ വിദ്യാലയത്തിലെ പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തണം)

## സാക്ഷ്യപത്രം

ശ്രീ/ശ്രീമതി ................................................................................ 30 അധ്യയന ദിവസത്തെ അദ്ധ്യാപന പരിശീലനം (സംസ്കൃതം*, അറബിക്*, ഉറുദു* - 20 ക്ലാസ്, മലയാളം - 5 ക്ലാസ്, ഇംഗ്ലീഷ് - 5 ക്ലാസ്) ഈ വിദ്യാലയത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

:

ഒപ്പ്

പേര്

സ്കൂളിന്റെ പേര്

സ്ഥലം :

തീയതി :

(സ്കൂൾ സീൽ)

NB:- അനുബന്ധം 5, 6 ന്റെ പകർപ്പുകൾ കൂടുതൽ പരിശോധനയ്ക്കായി സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

* ബാധകമല്ലാത്തത് വെട്ടിക്കളയുക.

## അനുബന്ധം- 6

## സംസ്കൃതം/അറബിക്/ഉർദു അധ്യാപക പരീക്ഷ .....................................

രജി. നം: .............................................

1. പരീക്ഷാർത്ഥിയുടെ പേര് :

2. പരീക്ഷാർത്ഥിയുടെ SSLC/HSE രജിസ്റ്റർ നമ്പറും വർഷവും
   - SSLC :
   - HSE :

3. പരിശീലനം നേടിയ വിദ്യാലയത്തിന്റെ പേര് :

4. വിദ്യാഭ്യാസ ജില്ല :

### പരീക്ഷാർത്ഥി പരിശീലനത്തിന് ഹാജരായ ദിവസങ്ങളുടെ വിവരം

| ഹാജരായ | | ക്ലാസ്സ് | ഡിവിഷൻ | പീരിയഡ് | വിഷയം |
|---|---|---|---|---|---|
| തീയതി | ദിവസം | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ സത്യമെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

പ്രധാനാധ്യാപകന്റെ പേര്:
സ്കൂളിന്റെ പേര്:

സ്ഥലം:
തീയതി:

(സ്കൂൾ സീൽ)

| **ANNEXURE VII** | | | | | | |
|---|---|---|---|---|---|---|
| **SANSKRIT/ARABIC/URDU TEACHERS, EXAMINATION NOVEMBER 2017** | | | | | | |
| **Name of Candidate : .....................................................................Register No. ...........................** | | | | | | |
| (a) | **SANSKRIT/ARABIC/URDU** | | | | | |
| | Subject | Teaching Mark | | Subject | Evaluation Mark | |
| | | Maximum Mark | Mark Secured by the candidate | | Maximum Mark | Mark Secured by the candidate |
| | Planning | 10 | | Question Paper | 6 | |
| | Effective Communication | 15 | | Questionwise Analysis | 2 | |
| | Class Management | 15 | | Preparation of Marklist | 2 | |
| | Use of learning Materials | 10 | | **Total** | 10 | |
| | **Total** | 50 | | | | |
| Name & Signature of the Senior Teacher : | | | | | | |
| **(b)** | **MALAYALAM/REGIONAL LANGUAGE** | | | | | |
| | Subject | Teaching Mark | | Subject | Evaluation Mark | |
| | | Maximum Mark | Mark Secured by the candidate | | Maximum Mark | Mark Secured by the candidate |
| | Planning | 2 | | Question Paper | 6 | |
| | Effective Communication | 3 | | Questionwise analysis | 2 | |
| | Class Management | 3 | | Preparation of Marklist | 2 | |
| | Use of learning Materials | 2 | | **Total** | 10 | |
| | **Total** | 10 | | | | |
| Name & Signature of the Senior Teacher : | | | | | | |
| **(c)** | **ENGLISH** | | | | | |
| | Subject | Teaching Mark | | Subject | Evaluation Mark | |
| | | Maximum Mark | Mark Secured by the candidate | | Maximum Mark | Mark Secured by the candidate |
| | Planning | 2 | | Question Paper | 6 | |
| | Effective Communication | 3 | | Questionwise analysis | 2 | |
| | Class Management | 3 | | Preparation of Marklist | 2 | |
| | Use of learning Materials | 2 | | **Total** | 10 | |
| | **Total** | 10 | | | | |
| Name & Signature of the Senior Teacher : | | | | | | |
| | | | | **Grand Total (a+b+c) : (Out of Hundred)** | | |
| Name & Signature of the Head Master : | | | | | | |

Place :

Date : School Seal

നം.ഇ.എക്സ്/എച്ച്-4/16145/2017/സി.ജി.ഇ

പരീക്ഷാകമ്മിഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12
തീയതി: 24/10/2017

# സർക്കുലർ I

വിഷയം:- പൊ.വി.-പരീക്ഷാ ഭവൻ - സംസ്കൃതം/അറബിക്/ഉർദു അധ്യാപക പരീക്ഷ നവംബർ 2017 - സംബന്ധിച്ച്.

സൂചന:- പരീക്ഷാ കമ്മീഷണറുടെ ഇതേ ഫയൽ നമ്പർ പ്രകാരമുള്ള 29.02.2016 തീയതിയിലെ പരീക്ഷാ വിജ്ഞാപനം.

എൽ.പി./യു.പി. വിഭാഗങ്ങളിലെ അറബിക്/സംസ്കൃതം/ഉർദു ഭാഷാധ്യാപക യോഗ്യതയ്ക്കായി പരീക്ഷാ കമ്മീഷണർ നടത്തുന്ന യോഗ്യതാ പരീക്ഷ 2017-18 അധ്യായന വർഷം 2017 നവംബർ മാസം നടത്തുന്നതിലേക്കായി പരീക്ഷാ കേന്ദ്രങ്ങൾ മുഖേന നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും സൂചന പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ലഭിച്ച അപേക്ഷകൾ ഈ ഓഫീസിൽ വിശദമായി പരിശോധിക്കുകയും നിശ്ചിത തീയതിക്കുശേഷം ഫീസ് ഒടുക്കിയത്/നിശ്ചിത വിദ്യാഭ്യാസ യോഗ്യതയില്ലാത്തത്/വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കാത്തത്/പരീക്ഷാ സെന്റർ മുഖേനയല്ലാതെ ലഭിച്ചത് എന്നിങ്ങനെയുള്ള അപാകതകൾ കണ്ടെത്തിയ അപേക്ഷകൾ ഒഴിവാക്കി പരീക്ഷയ്ക്ക് പരിഗണിക്കാൻ യോഗ്യതയുള്ള അപേക്ഷകരെ ഉൾക്കൊള്ളിച്ചു തയ്യാറാക്കിയ ക്യാൻഡിഡേറ്റ് ലിസ്റ്റും ഹാൾടിക്കറ്റും ഇതോടൊപ്പം നൽകുന്നു. ഹാൾ ടിക്കറ്റുകൾ 27.10.2017 വെള്ളിയാഴ്ച മുതൽ വിതരണം ചെയ്യുന്നതിനും, അധ്യാപക പരിശീലനത്തിനായി അനുവദിച്ചു നൽകിയ സെന്ററിൽ 30/10/2017 തിങ്കളാഴ്ച രാവിലെ 10 മണിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകുന്നതിനും ചീഫ് സൂപ്രണ്ട് (സ്കൂൾ പ്രധാനാദ്ധ്യാപകൻ) നെ ചുമതലപ്പെടുത്തുന്നു. അധ്യാപക പരിശീലനത്തിനായി അനുവദിച്ചു നൽകിയ സെന്റർ മാറ്റി ലഭിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരീക്ഷാസെന്ററിൽ നിന്നു തന്നെ നിരസിച്ചു നൽകേണ്ടതാണ്.

ഒപ്പ്/
**സെക്രട്ടറി**

**പകർപ്പ്.**

1. ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
2. എല്ലാ പരീക്ഷാ സെന്റർ ചീഫ് സൂപ്രണ്ടർമാർക്കും. (പരീക്ഷാഭവനിൽ നിന്നും നിയോഗിച്ച പ്രത്യേക ദൂതൻ മുഖേന ക്യാൻഡിഡേറ്റ് ലിസ്റ്റും ഹാൾടിക്കറ്റും ഇതോടൊപ്പം നൽകുന്നു. ഹാൾടിക്കറ്റിൽ ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്/സീൽ എന്നിവ പതിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്).
3. എ2 സെക്ഷൻ
4. ഓഫീസ് കോപ്പി.